(സി) മിനിമം ഗ്യാരന്റി വ്യവസ്ഥ ഉപേക്ഷിച്ചതുകൊണ്ട് കൂടുതൽ ആനുകൂല്യം കിട്ടുന്നത് ഏതെല്ലാം വിഭാഗങ്ങൾക്കാണെന്ന് വിശദീകരിക്കുമോ;

(ഡി) മിനിമം ഗ്യാരന്റി പ്രകാരം എഗ്രിമെന്റ് വച്ച് കണക്ഷനുവേണ്ടി കാത്തിരിക്കുന്നവർക്കും മിനിമം ഗ്യാരന്റി വ്യവസ്ഥ ഉപേക്ഷിച്ചതിന്റെ പ്രയോജനം ലഭിക്കുമോയെന്നറിയിക്കുമോ?

ഉത്തരം

(എ) അപേക്ഷകന് പുതിയ വൈദ്യുതി കണക്ഷൻ നൽകുന്നതിന് എച്ച്. റ്റി./എൽ. റ്റി. ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവ ആവശ്യമായിവരുന്നപക്ഷം പ്രസ്തുത കണക്ഷനുകൾ മിനിമം ഗ്യാരണ്ടി വ്യവസ്ഥയിൽ നൽകിയിരുന്നു. ഈ വ്യവസ്ഥപ്രകാരം പുതിയ കണക്ഷൻ നൽകുന്നതിനുവേണ്ട നിർമ്മാണ പ്രവർത്തികളുടെ ആകെ എസ്റ്റിമേറ്റ് തുകയുടെ 25% വർഷംതോറും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ എല്ലാവരുംകൂടി ഏഴ് വർഷം ബോർഡിന് നൽകേണ്ടതാണ്. ഇപ്രകാരം കണക്കാക്കിയ മിനിമം ഗ്യാരണ്ടി തുകയും അവർ അടയ്ക്കേണ്ട വൈദ്യുതി ചാർജ്ജും കൂടി താരതമ്യപ്പെടുത്തി അതിൽ കൂടിയ തുക ഉപഭോക്താവ് അടയ്ക്കേണ്ടതാണ്. ഇതിനാവശ്യമായ എഗ്രിമെന്റിൽ ഗുണഭോക്താക്കൾ ബോർഡുമായി ഏർപ്പെടേണ്ടതുണ്ട്. ഗാർഹിക ഉപഭോക്താക്കൾക്കും കാർഷിക ഉപഭോക്താക്കൾക്കും മിനിമം ഗ്യാരണ്ടി ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) മിനിമം ഗ്യാരണ്ടി എഗ്രിമെന്റ് വ്യവസ്ഥയിൽ കണക്ഷൻ നേടിയവർ കരാർ വ്യവസ്ഥകൾ കാലാവധി തീരുന്നതുവരെ പാലിക്കേണ്ടതാണ്.

(സി) കാർഷിക ഉപഭോക്താക്കൾക്കും ഗാർഹിക ഉപഭോക്താക്കൾക്കും ഇതിന്റെ ആനുകൂല്യം ലഭിക്കുന്നതാണ്.

(ഡി) ലഭിക്കുന്നതാണ്.

എല്ലാ ഭവനങ്ങളിലും വൈദ്യുതീകരണം

228 [1170] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ വൈദ്യുതി ഇനിയും ലഭിച്ചിട്ടില്ലാത്ത ഭവനങ്ങളെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

2001 സെൻസസ് അനുസരിച്ച് കേരളത്തിൽ ആകെ 4,942,550 റൂറൽ ഭവനങ്ങൾ ഉള്ളതിൽ 3,238,899 ഭവനങ്ങൾക്ക് വൈദ്യുതി ലഭിച്ചിട്ടുണ്ട്. ബാക്കി

LIBRARY ARCHIVES Kerala Legislative Assembly

1,703,651 ഭവനങ്ങൾക്ക് ഇനിയും വൈദ്യുതി ലഭിക്കേണ്ടതുണ്ട്. 2007-ഓടെ കേര ളത്തിലെ മുഴുവൻ വീടുകളും രാജീവ്ഗാന്ധി വൈദ്യുതീകരൺയോജന പ്രകാരം വൈദ്യുതീകരിക്കുന്നതിനുവേണ്ട നടപടികളെടുത്തുവരുന്നു.

ഒ. വൈ. ഇ. സി. പ്രകാരം അടയ്ക്കേണ്ട തുക

229 [1171] *ശ്രീ. വി. ജെ. പൗലോസ്:*
,, *എം. കെ. പോൾസൺ മാസ്റ്റർ:*
,, *കെ. മോഹൻകുമാർ:*
,, *ജി. പ്രതാപവർമ്മ തമ്പാൻ:*
,, *പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷന് അപേക്ഷിക്കുന്നവർ ഒ. വൈ. ഇ. സി. പ്രകാരം 1-1-2005 വരെ ഏതെല്ലാം ഇനത്തിൽ എത്ര തുക വീതമാണ് അടയ്ക്കേണ്ടി യിരുന്നത്;

(ബി) ഇപ്പോൾ ഈ പദ്ധതിപ്രകാരം അപേക്ഷിക്കുന്നവർ ഓരോയിനത്തിലും അടയ്ക്കേണ്ട തുകയിൽ കുറവു വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര വീതമാണെന്ന് പറയുമോ;

(സി) ഇതുമൂലം ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് മുമ്പ് നൽകിയതി നെക്കാൾ എത്ര തുക കുറച്ചടച്ചാൽ മതിയാകും?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഈടാക്കുന്ന ഒ. വൈ. ഇ. സി. തുക മെറ്റീരിയൽ കോസ്റ്റും 10% സൂപ്പർവിഷൻ ചാർജ്ജും മാത്രം ഈടാക്കി കുറയ്ക്കുന്നതിനുള്ള നിർദ്ദേശം എസ്. ഇ. ആർ. സി.-ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(സി) ഒരു പോസ്റ്റ് വേണ്ട ഒ. വൈ. ഇ. സി. കണക്ഷന് ഇപ്പോഴുള്ള 12,000 രൂപയിൽ നിന്ന് ഏകദേശം 7,000 രൂപയായും വെതർ പ്രൂഫിന് ഏതാണ്ട് അമ്പതുശതമാനവും കുറയുന്നതാണ്.

വില നിയന്ത്രണത്തിന് നടപടി

230 [1172] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly